കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

**കഴക്കൂട്ടം ബയോടെക്നോളജി ആൻറ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ, കഴക്കൂട്ടം, തിരുവനന്തപുരം**

ADFW/BMFC/49/20/2023-T(IM) തീയതി 16.01.2024

**ക്വട്ടേഷൻ നോട്ടീസ് നമ്പർ: ADFW/BMFC/49/20/2023-T(IM)**

ഈ കേന്ദ്രത്തിന്റെ ആവശ്യത്തിലേക്കായി ഗുണമേന്മയുള്ള ഉണങ്ങിയ ചാണകം പൊടിച്ചത് വിതരണം ചെയ്യാൻ താല്പര്യമുള്ളവരിൽ നിന്നും സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

| വാങ്ങുവാൻ ഉദ്ദേശിക്കുന്നവ | സവിശേഷതകൾ | അളവ് |
|---|---|---|
| ഉണങ്ങിയ ചാണകം | ഈർപ്പം - 13 %ത്തിൽ കുറവ് | 1000 ക്യൂബിക് അടി |

മേൽ സൂചിപ്പിച്ച ഉണങ്ങിയ ചാണകം വിതരണം ചെയ്യുവാൻ താല്പര്യമുള്ളവർ **22.01.2024 പകൽ 11.00 മണിക്ക്** മുൻപായി ക്വട്ടേഷനുകൾ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനിൽ ഉണങ്ങിയ ചാണകം പൊടിച്ചതിന്റെ തൂക്കം, നിരക്ക് എന്നിവ വ്യക്തമായി രേഖപ്പെടുത്തണം. ചാണകം എത്തിക്കുന്ന വാഹനത്തിന്റെ വാടക, കയറ്റിറക്കു കൂലി തുടങ്ങിയ എല്ലാ ചെലവുകളും ഉൾപ്പെടെയുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്.

ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിന് പുറത്ത് മുകൾ വശത്തായി വലിയ അക്ഷരത്തിൽ **"ഉണങ്ങിയ ചാണകം വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് എഴുതിയിരിക്കണം. ഈ നോട്ടീസിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ക്വട്ടേഷൻ മാതൃകയിൽ ക്വട്ടേഷനുകൾ സമർപ്പിക്കണം. **22.01.2024 പകൽ 12.30 മണിക്ക്** ക്വട്ടേഷനുകൾ തന്നിട്ടുള്ളവരുടെയോ, അല്ലെങ്കിൽ ഓഫീസിൽ സന്നിഹിതരായവരുടെ ഏജന്റ്മാരുടെയോ, മുൻപിൽ വച്ച് ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും. അന്നേദിവസം ഏതെങ്കിലും കാരണത്താൽ അവധി ആവുകയാണെങ്കിൽ അടുത്ത പ്രവർത്തി ദിവസം പകൽ 12.30 മണിക്ക് ക്വട്ടേഷനുകൾ തുറക്കുന്നതും, നിർദ്ദിഷ്ട ഗുണനിലവാരം ഉള്ളതും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയിട്ടുള്ളതുമായ ക്വട്ടേഷൻ താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമായിരിക്കും. ക്വട്ടേഷൻ നിരക്ക് കൃഷി ഡയറക്ടർ പൂർണമായും അംഗീകരിച്ച ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക്, ഈ ഓഫീസിൽ നിന്നും അറിയിപ്പ് ലഭിക്കുന്ന പ്രകാരം പത്തു ദിവസത്തിനകം, ഉണങ്ങിയ ചാണകം പൊടിച്ചത് സ്വന്തം ചെലവിൽ ഓഫീസ് പ്രവർത്തി സമയത്തിനുള്ളിൽ കൊണ്ടുവന്നു ഇറക്കുകയും, ബന്ധപ്പെട്ടവരെ അളവ് ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.
നിലവിലുള്ള കേരള സർക്കാരിന്റെ എല്ലാ ക്വട്ടേഷൻ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.

ASSISTANT DIRECTOR OF AGRICULTURE
BIOTECHNOLOGY AND MODEL FLORICULTURE CENTRE
KAZHAKUTTOM, THIRUVANANTHAPURAM-695 582.

കൃഷി അസിസ്റ്റന്റ് ഡയറക്ടർ
ബി.എം.എഫ്.സി. കഴക്കൂട്ടം

BIOTECHNOLOGY AND MODEL FLORICULTURE CENTRE
DEPARTMENT OF AGRICULTURE
GOVERNMENT OF KERALA
KAZHAKUTTOM, THIRUVANANTHAPURAM 695 582

## ക്വട്ടേഷൻ സമർപ്പിക്കേണ്ട മാതൃക

To

കൃഷി അസിസ്റ്റന്റ് ഡയറക്ടർ,

ബി.എം.എഫ്.സി. കഴക്കൂട്ടം

1 ക്വട്ടേഷൻ നമ്പർ/ തീയതി: ADFW/BMFC/49/20/2023-T(IM) 16/01/2024

2 ക്വട്ടേഷനറുടെ പേര്/ വിലാസം:

3 മൊബൈൽ നമ്പർ:

4 വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നവ:

| ക്രമ നം. | ഇനം | അളവ് | ആകെ തുക |
|---|---|---|---|
| 1 | ഉണങ്ങിയ ചാണകം | | |

ആകെ തുക അക്ഷരത്തിൽ:

<u>സത്യപ്രസ്താവന</u>

- ക്വട്ടേഷൻ നോട്ടീസിൽ പറഞ്ഞിരിക്കുന്ന എല്ലാ നിബന്ധനകളും പാലിച്ച് മേൽ പറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിന് ഞാൻ തയ്യാറാണ്.
- കേരള സർക്കാരിന്റെ നിലവിലുള്ള സ്റ്റോർ പർച്ചേസ് ചട്ടങ്ങളും മറ്റ ക്വട്ടേഷൻ നിബന്ധനകളും പാലിക്കുവാൻ ഞാൻ സന്നദ്ധനാണ്.

സ്ഥലം:
തീയതി:

ക്വട്ടേഷനറുടെ ഒപ്പ്
ക്വട്ടേഷനറുടെ പേരും വിലാസവും